"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എച്ച് (2)/35985/2016/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 16/02/2017

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം – എയ്ഡഡ് – ഭാഷാധ്യാപകരുടെ പുനർ വിന്യാസം സംബന്ധിച്ച്.

**സൂചന :**
1) ജി.ഒ (എം.എസ്) നമ്പർ 209/2016/പൊ.വി.വ തീയതി: 26/12/2016.
2) ഈ ഓഫീസിലെ 28-12-2016 ലെ എച്ച്2/35985/2016/ഡി.പി.ഐ നമ്പർ പുറത്തെഴുത്ത് കത്ത്.
3) കണ്ണൂർ, വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 14-02-2017 ലെ ബി4/10419/2015 നമ്പർ കത്ത്.

----------

സൂചന 1 ലെ സർക്കാർ ഉത്തരവും അതിൻമേലുള്ള സൂചന 2 ലെ പുറത്തെഴുത്ത് കത്തും ശ്രദ്ധിക്കുക. ഈ കത്തിൽ "ഇപ്രകാരം പുനർനിർണയിക്കപ്പെടുന്ന തസ്തികകളിലേക്ക് നിലവിലുള്ള പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരെ തിരികെ വിളിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പിന്നാലെ നൽകുന്നതാണ്" എന്ന് പരാമർശിച്ചത് ഇതര ജില്ലകളിലേക്ക് പുനർവിന്യസിച്ച സംരക്ഷിതാധ്യാപകരുടെ കാര്യത്തിലാണ്. ജില്ലയ്ക്കുള്ളിൽ തന്നെ പുനർവിന്യസിച്ചവരെ ടി. സർക്കാർ ഉത്തരവിലെ ഖണ്ഡികകൾ 1, 2, 3 ലെ നിർദേശ പ്രകാരം മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കുന്നതിൽ തടസ്സങ്ങൾ ഒന്നുമില്ല എന്നറിയിക്കുന്നു.

സൂചന 1 ലെ ഉത്തരവിലെ ഖണ്ഡിക 2, 3 എന്നിവയുടെ അടിസ്ഥാനത്തിൽ ഭാഷാധ്യാപക തസ്തിക പുനർനിർണയിക്കപ്പെട്ടിട്ടുണ്ടെങ്കിലു ബന്ധപ്പെട്ട സംരക്ഷതാധ്യാപകനെ ഇതര ജില്ലയിലേക്കാണ് പുനർവിന്യസിച്ചിട്ടുള്ളതെങ്കിൽ അവരെ ആഴ്ചയിൽ 3 ദിവസത്തേക്കായി മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കേണ്ടതില്ല. ഇത് സംബന്ധിച്ച് സർക്കാരിന് ഈ ഓഫീസിൽ നിന്നും നിവേദനം നൽകിയിട്ടുണ്ട്. അതിൻമേൽ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് അവരെ തിരിച്ചുവിളിക്കുന്ന കാര്യത്തിലും തീരുമാനം

(മറുപുറം ...)

എടുക്കാവുന്നതാണ്. എൽ.പി വിഭാഗത്തിലെ സംരക്ഷിതാധ്യാപകന് ടി. തസ്തിക പുനർനിർണയത്തിലൂടെ തസ്തിക ലഭ്യമാകുമെങ്കിൽ ഇതര ജില്ലയിൽ നിന്നാണെങ്കിൽ പോലും അവരെ തിരികെ വിളിക്കാം.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്,
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി.

പകർപ്പ് : –

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എ.സി-